**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1550** **08-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷികമേഖലയിൽ സ്വയംപര്യാപ്ത കൈവരിക്കുന്നതിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ ഉത്പാദനം, സംഭരണം,സംസ്കരണം, വിപണനം എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി കൃഷിവകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭാവിയിൽ കേരളത്തെ കാർഷിക സമ്പുഷ്ടമാക്കുന്നതിനും തരിശുനിലങ്ങൾ കൂടുതൽ കൃഷി യോഗ്യമാക്കി സ്വയംപര്യാപ്തത നേടുന്നതിനും എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന കൃഷി വകുപ്പ് മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കു പുറമെ സുഗന്ധവിളകൾ പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കാർഷിക രംഗത്തെ സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ |

നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷിവകുപ്പ് നടപ്പിലാക്കുന്നു. 2021-22സാമ്പത്തിക വർഷം കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു: നെൽകൃഷി വികസന പദ്ധതി പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ പ്രോത്സാഹനത്തിനുള്ള പദ്ധതി പച്ചക്കറി കൃഷി വികസന പദ്ധതി കിഴങ്ങ് /പയർ വർഗ്ഗങ്ങളുടെ വികസനം നാളീകേര വികസന പദ്ധതി സുഗന്ധ വിള വികസന പദ്ധതി ഹൈടെക് അഗ്രികൾച്ചർ പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി കവുങ്ങു കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉത്പാദന ക്ഷമത ഉയർത്തുന്നതിനുമുള്ള പദ്ധതി വിള ആരോഗ്യ പരിപാലന പദ്ധതി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും ലബോറട്ടറികളുടെ ആധുനീകരണം. കാർഷിക വിജ്ഞാനവ്യാപനം കാർഷിക വിവരവും വിനിമയവും കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും വിള ഇൻഷ്വറൻസ് പദ്ധതി പ്രകൃതിക്ഷോഭങ്ങളും കീടരോഗങ്ങളും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടി ജൈവ വൈവിധ്യ സംരക്ഷണത്തിനും പരമ്പരാഗത വിള ഇനങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി കാർഷിക വിളകളുടെ വിപണി വികസനം വിലസ്ഥിരതയ്ക്ക് വിപണി ഇടപെടൽ പദ്ധതി കാർഷികോല്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം ബയോഗ്യാസ് പ്ലാന്റുകൾക്ക് അധികധനസഹായം സ്ഥാപിക്കൽ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്) കൃഷി പാഠശാല പുനർജ്ജനി - പ്രളയാനന്തര കാർഷിക മേഖലയുടെ പുനസ്ഥാപനം കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി കേരള ഫാം ഫ്രഷ് - പഴം പച്ചക്കറി തറവില കർഷക ക്ഷേമഫണ്ട് ബോർഡ് കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ടു അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 വർഷത്തിൽ നടപ്പിലാക്കിയത്. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് കഴിഞ്ഞ വർഷം പദ്ധതി നടപ്പാക്കിയത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണ, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ

പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശു നില കൃഷി, പച്ചക്കറികൃഷിയിൽ മഴ മറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോൽസാഹനം, ഒരു കോടി ഫല വൃക്ഷതൈകൾ നട്ടുവളർത്തൽ, വായ്പ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തരിശുനിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലുള്ള "തരിശ് നെൽകൃഷി - സുഭിക്ഷകേരളം അഡീഷണൽ അലോക്കേഷൻ" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഹെക്ടറിന് 40000 രൂപ (35000രൂപ കർഷകനും 5000 രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. 750 ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തരിശ് നെൽകൃഷിക്ക് 40000 രൂപ (35000രൂപ കർഷകനും 5000 രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. "പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതിയിൽ" സുഭിക്ഷകേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 166.67 ഹെക്ടർ തരിശ് ഭൂമിയിൽ ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. "പയർവർഗ്ഗ, കിഴങ്ങ് വർഗ്ഗ വിളകളുടെ പ്രോത്സാഹന പദ്ധതിയിൽ" സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 50 ഹെക്ടർ തരിശ് ഭൂമിയിൽ പയർ വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 15 ലക്ഷം രൂപയും, 70 ഹെക്ടർ തരിശ് ഭൂമിയിൽ കിഴങ്ങ് വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 21 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ സുഭിക്ഷകേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നു. തരിശു സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 40000 രൂപയാണ് ധനസഹായം നൽകുന്നത് . ഇതിൽ ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 3000 രൂപയും കൃഷി ചെയ്യുന്ന കർഷകന് 37000

| | | | |
|---|---|---|---|
| | | | രൂപയുമാണ് ധനസഹായം നൽകി വരുന്നത്. ഈ സാമ്പത്തിക വർഷം 625 ഹെക്ടർ തരിശ്ശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഓണത്തിന് ഒരു മുറം പച്ചക്കറി 2021-22

സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയുടെ മുഖ്യഘടകമാണ് ഓണത്തിന് ഒരുമുറം പച്ചക്കറി. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനും, ഓണക്കാലത്ത് അന്യ സംസ്ഥാനത്തു നിന്നും വരുന്ന പച്ചക്കറികളുടെ തോത് കുറക്കാനുമാണ് 100 ദിനപരിപാടിയിൽ ഉൾപെടുത്തി പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്.

പച്ചക്കറി വികസന പദ്ധതിയുടെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 2021 – 22 വർഷത്തിൽ ഓണത്തിന് ഒരു മുറം പച്ചക്കറിക്കായി 10/- രൂപ വിലയുള്ള 50 ലക്ഷം വിത്തുപാക്കറ്റുകളും, 2.5 രൂപവിലയുള്ള 150 ലക്ഷം പച്ചക്കറിതൈകളുമാണ് കർഷകർ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധസംഘടനകൾ തുടങ്ങി എല്ലാ ജനവിഭാഗങ്ങളിലേക്കും കൃഷിഭവൻ വഴി സൗജന്യമായി വിതരണം ചെയ്തത്.

പച്ചക്കറി വിത്തു പാക്കറ്റുകൾ ഡിപ്പാർട്ട്മെന്റ് ഫാമുകളിലൂടെയും വിഎഫ്. പി.സി.കെ. വഴിയുമാണ് സമാഹരിച്ചു വിതരണം ചെയ്തത്. 150 ലക്ഷം പച്ചക്കറി തൈകൾ ബ്ലോക്ക്തലത്തിൽ അതാതു എഡിഎമാരുടെ മേൽനോട്ടത്തിൽ അഗ്രോസർവീസ് സെന്റർ, കാർഷിക കർമ്മസേന, വിവിധ വി.ഡി.പി. നഴ്സറികൾ എന്നിവിടങ്ങളിൽ ഉത്പാദിപ്പിച്ചു വിതരണം ചെയുകയും, ഡിപ്പാർട്മെന്റ്ഫാം, കാർഷികസർവ്വകലാശാല, തുടങ്ങിയവയിൽ നിന്നും വാങ്ങിയും വിതരണം ചെയ്തു. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ പബ്ലിസിറ്റിക്കായി ഫാം ഇൻഫർമേഷൻ ബ്യൂറോ 5 ലക്ഷം ലീഫ്ലെറ്റുകളും 1 ലക്ഷം പോസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്യുകയുണ്ടായി. ഓഗസ്റ്റ് മാസം 15 തീയതിയോടെ വിതരണം പൂർത്തീകരിക്കുകയും 100 ദിന പരിപാടിയിൽ 50 ലക്ഷം വിത്ത് പാക്കറ്റുകളും 150 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയുക എന്ന ലക്ഷ്യം കൈവരിക്കുവാനും സാധിച്ചു. ഈ പദ്ധതിലൂടെ 37 ലക്ഷം കുടുംബങ്ങൾക്ക് വിത്തും തൈകളും വിതരണം ചെയ്യുവാനും, 2400 ഹെക്ടറിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും, 3.7 ലക്ഷം സുരക്ഷിത പച്ചക്കറി ഓണകാലത്തു ഉല്പാദിപ്പിക്കുവാനും സാധിച്ചു. ഈ പദ്ധതി നടപ്പിലാക്കിയ വഴി 4000 തൊഴിൽ ദിനങ്ങൾ പ്രത്യക്ഷമായും 10000 പരോക്ഷമായും സൃഷ്ടിക്കുവാൻ സാധിച്ചു.

### 2. 100 ദിന പരിപാടിയുടെ ഭാഗമായി ജൈവ പച്ചക്കറികൾ വിളവെടുപ്പിനൊരുങ്ങി

കാർഷികോൽപ്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിടുന്നതിനോടൊപ്പം തന്നെ സുരക്ഷിതമായ ഭക്ഷണം എല്ലാവർക്കും ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിഷരഹിതമായ കാർഷികോൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് കർഷകരെ സജ്ജമാക്കുന്നതിനായി സുഭിക്ഷം സുരക്ഷിതം ഭാരതീയ പ്രകൃതി കൃഷി പദ്ധതി കേരളത്തിൽ 84000 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി വരുന്നു. ബഹു. മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി 5000 ഹെക്ടർ സ്ഥലത്ത് ഇതിനകം കൃഷി ആരംഭിക്കുകയും വിളവെടുപ്പിന് സജ്ജമാക്കുകയും ചെയ്തിരുന്നു. ആകെ 14 ജില്ലകളിൽ 23566 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൾ, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, തെങ്ങ് അധിഷ്ഠിത പച്ചക്കറി കൃഷി എന്നിവ സുഭിക്ഷം സുരക്ഷിതം – ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി ഈ ദിനങ്ങളിൽ കൃഷി ചെയ്തു.

വിവിധ കാർഷിക കൂട്ടായ്മകളിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും ജൈവ ഉല്പദനോപാധികളും നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ സാധിച്ചു. പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ വിത്തിനങ്ങൾ ഉപയോഗിച്ച് പച്ചക്കറി കൃഷിയും നെൽ കൃഷിയും ആരംഭിച്ചു. ഈ പദ്ധതിയുടെ ഭാഗമായി പ്രകൃതി കൃഷിയുടെ വിവിധ കൃഷി രീതികൾ അവലംബിച്ച് കർഷകരുടെ കൃഷിയിടങ്ങളിൽ മാതൃക തോട്ടങ്ങൾ നടപ്പിലാക്കി. ബ്ലോക്ക് തലത്തിൽ തിരഞ്ഞെടുത്ത ഹൈ പവർ കമ്മിറ്റിയിലെ കർഷക പ്രതിനിധികൾക്ക് പരിശീലനങ്ങൾ നൽകുകയും ഇവരിലൂടെ പദ്ധതിയിൽ ഉല്പാദിപ്പിക്കേണ്ട ജൈവ കൂട്ടുകളുടെ ഉല്പാദന രീതികൾ മറ്റ് കർഷകർക്ക് പകർന്ന് നൽകുകയും ചെയ്തു

ഓണ കാലയളവിൽ ടി കർഷകർ ഉല്പാദിപ്പിച്ച പച്ചക്കറികൾ സുഭിക്ഷം സുരക്ഷിതം എന്ന പേരിൽ ബ്രാൻഡ് ചെയ്ത് ഇക്കോഷോപ്പുകൾ, ആഴ്ച ചന്ത, ഓണ മാർക്കറ്റ് എന്നിവിടങ്ങളിലൂടെ വിൽപന നടത്തി. പദ്ധതിയുടെ നടത്തിപ്പിലൂടെ പ്രത്യക്ഷമായി 17280 ഉം പരോക്ഷമായി 95000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. ഇതിന് പുറമേ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുകയും ചെയ്തു.

പദ്ധതിയുടെ ഭാഗമായി ഉല്പാദിപ്പിച്ച കർഷികോല്പന്നങ്ങളുടെ വിളവെടുപ്പിന്റെ ഉദ്ഘാടനം 2021 സെപ്റ്റംബർ മാസം 11 -ാം തീയതി രാവിലെ 08:30 ന് ബഹു. കൃഷി വകുപ്പ് മന്ത്രി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലെ ശ്രീ.മോഹനകുമാർ എന്ന കർഷകന്റെ കൃഷിയിടത്തിൽ വച്ച് നടത്തുന്നതാണ്.

### 3. ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണം

സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടു വന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളുമായ പ്ലാവ്, മാവ്, മാതളം, പാഷൻ ഫ്രൂട്ട്, ചാമ്പ ഇനങ്ങൾ, സപ്പോട്ട, അവക്കാഡോ, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, മുരിങ്ങ, കറിവേപ്പ്, കൊടംപുളി, റമ്പൂട്ടാൻ, മാഗോസ്റ്റീൻ, പപ്പായ, വാഴ ഇനങ്ങൾ, ചതുരപുളി, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി, പാൽപ്പഴം, മിറക്കിൾ ഫ്രൂട്ട്, മുള്ളാത്ത, വെസ്റ്റ് ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇലുമ്പൻ പുളി, സീതപ്പഴം (അനോന), ബറാബ, കസ്റ്റേഡ് ആപ്പിൾ (ആത്ത), നെല്ലി തുടങ്ങിയ 30 ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പൊതുസ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനുമായുമാണ് "ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണം" എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ഒന്നാം ഘട്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 25 ലക്ഷം തൈകൾ 2021 ജൂൺ 11 മുതൽ 2021 സെപറ്റംബർ 17 വരെയും ലക്ഷ്യമിട്ടുരുന്നത്. ഈ കാലയളവിനുളിൽ 29 ലക്ഷം തൈകൾ വിതരണം ചെയുവാൻ സാധിച്ചു.

183863 ഗ്രാഫ്റ്റ്കൾ, 121980 ലെയർകൾ, 321368 ടിഷ്യൂകൾച്ചർ വാഴ, 602439 വാഴക്കന്ന്, 1670350 ഫലവൃക്ഷ തൈകൾ എന്നിവ ഒന്നാം ഘട്ടത്തിൽ, വിവിധ ഏജൻസികളായ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഫാമുകൾ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ. അഗ്രോ സർവ്വീസ് സെന്റർ/കാർഷിക കർമ്മേസന (കെ.എസ്.എ.എം.എം.), കുടുംബശ്രീ, എം.ജി.എൻ. ആർ.ജി.എസ് വഴി ഉല്പാദിപ്പിച്ച് വിതരണം പൂർത്തീകരിച്ചു. ഇതിലൂടെ 421097 കുടുംബങ്ങളിലേക്ക്

ഫലവൃക്ഷ തൈകൾ വിതരണം ചെയുവാൻ സാധിച്ചു.ഈ പദ്ധതി നടപ്പിലാക്കിയ വഴി 15000 തൊഴിൽ ദിനങ്ങൾ പ്രത്യക്ഷമായും 125000 പരോക്ഷമായും സൃഷ്ട്ടിക്കുവാൻ സാധിച്ചു.

**4. നഗര വഴിയോര കാർഷിക വിപണികൾ**

നഗര പ്രദേശത്തെ വിഷരഹിത പഴം പച്ചക്കറികളുടെ ആവശ്യകത മനസ്സിലാക്കി ഒരു തുടക്കമെന്ന നിലയിൽ സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 2021-22 ൽ 100 നഗര വഴിയോര കാർഷിക ചന്തകൾ പൂർത്തീകരിച്ചു. പ്രധാന ടൌൺഷിപ്പുകളായ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ 10 വീതവും, മറ്റ് ജില്ലകളിൽ 6 വീതവും, നഗര വഴിയോര കാർഷിക ചന്തകളാണ് പൂർത്തീകരിച്ചത്. ആകെ 100 നഗര വഴിയോര കാർഷിക ചന്തകൾ 2021-22 വർഷത്തിൽ ബഹു. മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി പ്രവർത്തി പദ്ധത്തിൽ എത്തിക്കഴിഞ്ഞു. ജില്ലയിലെ നഗരപ്രദേശത്ത് ആരംഭിച്ച വഴിയോര ചന്തകൽ വഴി നാളിതുവരെ 23 ലക്ഷം രൂപ മൂല്യം വരുന്ന 65 ടൺ പഴം പച്ചക്കറികൽ സംഭരിച്ച് വിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്. എറണാകുളം ജില്ലയിലെ അങ്കമാലിയിലാണ് 100 മത്തെ നഗര വഴിയോര ആഴ്ച്ച ചന്തകളുടെ പൂർത്തീകരണ പ്രഖ്യാപനവും ഉദ്ഘാടനവും ബഹു. കൃഷി വകുപ്പ് മന്ത്രി 2021 ആഗസ്റ്റ് 31 ന് നിർവ്വഹിച്ചു.

**5. കേരളത്തിലെ കർഷക ഉത്പാദക സംഘടനകൾ (FPO)**

അസംഘടിതരായ സ്വന്തവും പാട്ടവും ഉള്ള ഭൂമിയിൽ കൃഷി ചെയ്യുന്ന ചെറുകിട നാമമാത്ര കർഷകരാണ് കേരളത്തിലുള്ളത്. കാർഷിക ഉൽപ്പന്നങ്ങൾ എല്ലാംതന്നെ സൂക്ഷിപ്പ കാലം വളരെ കുറഞ്ഞവയാണ്. അതിനാൽ തന്നെ വിലപേശാനുള്ള കഴിവ് കൃത്യമായ മാർക്കറ്റ് വിലകളെ കുറിച്ചുള്ള അറിവില്ലായ്മ നിരന്തരമായ മാർക്കറ്റ് ചലനങ്ങൾ വിലകളിൽ ഉള്ള വ്യതിയാനങ്ങൾ ഇവയെല്ലാം കാർഷിക കേരളം ഇന്ന് നേരിടുന്ന വെല്ലുവിളികൾ ആണ്. ഈ പ്രതിസന്ധിക്ക് ഒരു പരിഹാരമെന്നോണം ആണ് കർഷക ഉത്പാദക സംഘടനകൾ രൂപീകരിക്കുന്നതിന് കേരള സർക്കാർ ലക്ഷ്യമിടുന്നത്. 50 പുതിയ കർഷക ഉത്പാദക സംഘടനകളുടെ രൂപീകരണവും നിലവിലുള്ള 50 കർഷക സംഘടനകളുടെ ശാക്തീകരണവും ആണ് FPO പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഇത്തരം രജിസ്റ്റർ ചെയ്യുന്ന സംഘടനയ്ക്ക് 60 ലക്ഷം രൂപയാണ് ആദ്യത്തെ മൂന്ന വർഷത്തിനകം ധനസഹായം നൽകുന്നത്. അസംഘടിത മേഖലയിൽ കാർഷികവൃത്തി നടത്തുന്ന കർഷകരെ സംഘടിപ്പിച്ചു കൊണ്ട് അവർക്ക് ന്യായമായ വില ഉറപ്പാക്കുക, പെട്ടെന്ന് പാഴായിപ്പോകുന്ന കാർഷിക ഉൽപ്പന്നങ്ങളെ കൂടുതൽ കാലം സൂക്ഷിച്ചു വയ്ക്കുന്നതിന് ഉതകുന്ന രീതിയിലുള്ള സാങ്കേതികവിദ്യകൾ കൈമാറ്റം ചെയ്യുക മൂല്യവർദ്ധിത ഉൽപ്പന്നം ഉണ്ടാകുന്നതിന് ആവശ്യമായ മെഷിനറികൾ ലഭ്യമാക്കുക, വായ്പാ പദ്ധതികൾ കർഷകർക്ക് ആനുകൂല്യത്തോടെ കൂടി ലഭ്യമാക്കുക, മൂല്യവർധന മേഖലയെ ശാക്തീകരിക്കുന്ന വിധത്തിലുള്ള വിളകൾ കർഷകരെ കൊണ്ട് കൃഷി ചെയ്യിപ്പിക്കുക, കയറ്റുമതി ലക്ഷ്യമാക്കിയുള്ള വിപണനതന്ത്രങ്ങൾ കർഷക കൂട്ടായ്മയ്ക്ക് സ്വായത്തമാക്കി കൊടുക്കുക, കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കുക, ഉല്പാദനോപാധികൾ കൂട്ടായി ലഭ്യമാക്കി കൊടുക്കുക, ഇൻഷ്വറൻസ് സേവനങ്ങൾ, സംഭരണ പാക്കേജിങ് വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുക, വിപണന സാദ്ധ്യതകൾ ഒരുക്കുക തുടങ്ങി സമഗ്ര മേഖലകളെയും ശാക്തീകരിക്കുന്ന ലക്ഷ്യത്തോടെയാണ് കർഷക ഉല്പാദക സംഘടനകൾ നിലവിൽ വരുന്നത്.

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി 13 കർഷക ഉത്പാദക സംഘടനകൾ സ്മാൾ

ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം വഴിയും 12 എണ്ണം VFPCK യുടെ കീഴിലും രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**SFAC വഴി ഒരു FPO യ്ക്ക് മൂന്നുവർഷംകൊണ്ട് നൽകുന്ന ധനസഹായത്തിന് വിവരണം ചുവടെ ചേർക്കുന്നു.**

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി 13 കർഷക ഉത്പാദക സംഘടനകളാണ് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ജില്ലാ അടിസ്ഥാനത്തിൽ കൂടുതൽ പരിഗണന നൽകേണ്ട കാർഷികവിളകൾ ആണ് ഇത്തരം സംഘടനകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കൈപ്പാട് അരി, തിരൂർ വെറ്റില (എസ്.എഫ്.എ.സി കർഷക ഉല്പാദക സംഘടനകൾ 13 എണ്ണം) അട്ടപ്പാടി, ആതിരപ്പള്ളി എന്നിവിടങ്ങളിലെ ആദിവാസി ഊരുകളിലെ കാർഷിക ഉൽപ്പന്നങ്ങൾ , വാഴക്കുളം പൈനാപ്പിൾ തുടങ്ങിയവ ഉൾപ്പെടും.

രജിസ്ട്രേഷനിനായി 40,000 രൂപ ആദ്യവർഷം നൽകുന്നു. വാടക, കറണ്ട് ചാർജ്, ടെലിഫോൺ ചാർജ് എന്നിവയുടെ ഇനത്തിൽ ആദ്യ വർഷം 40,000 രൂപയും രണ്ടാം വർഷം 1,20,000 രൂപയും മൂന്നാം വർഷം 1,20,000 രൂപയും നൽകുന്നതാണ്. കർഷക ഉത്പാദക സംഘടനകളിൽ ഷെയർ എടുത്തിട്ടുള്ള മെമ്പർമാർക്ക് ഷെയർ പിരിച്ചെടുത്തതിനു തുല്യമായ തുക പരമാവധി 5 ലക്ഷം രൂപ വരെ ആദ്യവർഷം നൽകുന്നതാണ്. കൂടാതെ കർഷക ഉൽപാദ സംഘടനകൾ നിയന്ത്രിക്കുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ശമ്പളയിനത്തിൽ 3,60,000 രൂപ വീതം മൂന്നു വർഷത്തേക്ക് നൽകുന്നതാണ്. കർഷക ഉത്പാദക സംഘടനകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ ഓഫീസ് കെട്ടിടം നിർമിക്കുന്നതിന് 5 ലക്ഷം രൂപ ആദ്യവർഷം നൽകുന്നതാണ്. കൂടാതെ കമ്പ്യൂട്ടർ ഉപകരണങ്ങൾ പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിന് ഒരു ലക്ഷം രൂപ ആദ്യവർഷം നൽകുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾ ഓരോ FPO കളിലും 10 കളക്ഷൻ സെന്ററുകൾ വീതം ശാക്തീകരിച്ച് ആണ് ശേഖരിക്കപ്പെടുന്നത്. ഇത്തരം കളക്ഷൻ സെന്ററുകൾ ശാക്തീകരണത്തിനായി സെന്റർ ഒന്നിന് ഒരു ലക്ഷം രൂപവീതം നൽകിക്കൊണ്ട് മൊത്തം 10 ലക്ഷം രൂപയാണ് ഒരു FPO ക്ക് നൽകുന്നത്. കൂടാതെ പാക്ക് ഹൗസുകൾ സജ്ജീകരിക്കുന്നതിന് ആദ്യ വർഷം 5 ലക്ഷം രൂപയും രണ്ടാം വർഷം പത്ത് ലക്ഷം രൂപയും മൂന്നാം വർഷം പത്ത് ലക്ഷം രൂപയും നൽകും.

കൃത്യമായ മാനദണ്ഡങ്ങളാണ് FPO രൂപീകരണത്തിനായി സർക്കാർ ലക്ഷ്യമിടുന്നത്. പത്തു മുതൽ ഇരുപത് കർഷകർ അടങ്ങുന്ന ചെറു സംഘങ്ങൾ രൂപീകരിച്ച് അവയെ കോർത്തിണക്കി കൊണ്ട് ഒരു നെറ്റ് വർക്ക് സംവിധാനമാണ് ആദ്യത്തെ ലക്ഷ്യം. തുടക്കത്തിൽ 100 കർഷകരെ ചേർത്ത് തുടങ്ങുന്ന ഇത്തരം സംഘടനകൾ തുടർന്നുള്ള വർഷങ്ങളിൽ 500 മുതൽ 1000 കർഷകരെയോ അതിൽകൂടുതലോ അംഗങ്ങളെ ചേർത്ത് ശാക്തീകരിക്കും. രണ്ടു മുതൽ 25 ഓളം വില്ലേജുകൾ ഒരു കർഷക ഉത്പാദക സംഘടനയിൽ ഉൾപ്പെടാം. അത്തരം സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതോടുകൂടി കമ്പനി ആക്ട് പരിധിയിൽ ഇത്തരം ഉപ്പാദക സംഘടനകൾ വരുന്നതാണ്. കമ്പനി രൂപീകരിച്ച ശേഷം കൂടുതൽ കർഷകരെ ചേർത്തുകൊണ്ട് ശാക്തീകരണമാണ് അടുത്ത ലക്ഷ്യം. ഇത്തരം ഘട്ടം ഘട്ടങ്ങൾ ആയുള്ള വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് മൂന്നുവർഷത്തിൽ കയറ്റുമതി ലക്ഷ്യമിട്ടുകൊണ്ട് ആ മേഖലയുടെ കാർഷിക ഉൽപ്പന്നത്തിന് പരമാവധി വിപണി മൂല്യം നേടിക്കൊടുക്കുകയും കേരള ബ്രാൻഡിലുള്ള ഒരു എക്സ്പോർട്ട് ഉൽപ്പന്നം ആക്കി മാറ്റുകയും

ചെയ്യുകയാണ് ലക്ഷ്യം. ഇത്തരത്തിൽ ഓരോ കർഷക ഉൽപാദക സംഘടനകളെയും ശാക്തീകരിച്ച് മാനദണ്ഡങ്ങൾ പ്രകാരം തന്നെ കൈപിടിച്ച് ലക്ഷ്യത്തിൽ എത്തിക്കുന്നതിനായി അഗ്രി ബിസിനസ് പ്രമോട്ടിങ് ഏജൻസി (ABPA)എന്ന പേരിൽ ഇന്ത്യയിലെ തന്നെ വിവിധ സംസ്ഥാനങ്ങളിലെ FPO ഉണ്ടാക്കി പരിചയമുള്ള ഏജൻസികളെ ഗവൺമെന്റ് ടെണ്ടർ മുഖാന്തിരം തിരഞ്ഞെടുത്തിട്ടുണ്ട്. ഇത്തരം ഏജൻസികൾക്ക് കാർഷിക മേഖലയിലെ ബിസിനസ് നടത്തി ഉള്ള പരിചയം, കയറ്റുമതി പരിചയം, കാർഷിക സാങ്കേതിക വിദ്യകളിൽ ഉള്ള പരിചയം തുടങ്ങിയ വൈദഗ്ധ്യമാണ് ടെണ്ടർ മാനദണ്ഡങ്ങളിൽ മാറ്റുരയ്ക്കപ്പെടുന്നത്. ഇങ്ങനെ വിവിധ മേഖലകളിൽ വിദഗ്ധരായിട്ടുള്ള ഒരു ടീമിന്റെ സംവിധാനം ആണ് അഗ്രി ബിസിനസ് പ്രമോട്ടിങ് ഏജൻസികൾക്ക് ഉള്ളത്.

കേരളത്തിലെ പതിനാല് ജില്ലകൾ 5 സോണുകളായി തിരിച്ചാണ് FPO പദ്ധതി നടപ്പിലാക്കുന്നത്. ഒരു സോണിൽ 10 കർഷക ഉത്പാദക സംഘടനകളാണ് നിലവിൽ വരുന്നത്. അങ്ങനെ അഞ്ചു സോണുകളിൽ ആകെ 50 ഉൽപ്പാദക സംഘടനകളാണ് അടുത്ത മൂന്നു വർഷത്തിനുള്ളിൽ കേരളത്തിൽ ഉണ്ടാകുന്നത്.

കേരളത്തിന്റെ കാർഷിക മേഖലകളിൽ സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിന് ഈ പദ്ധതി വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

**തൊഴിൽ ദിനങ്ങൾ**

കേരളത്തിലെ 14 ജില്ലകളിൽ അഗ്രി ബിസിനസ് പ്രമോട്ടിങ് ഏജൻസികളെ വിന്യസിക്കുകയും ലോക്കൽ റിസോഴ്സ് പേഴ്സൺ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പ്രാരംഭമായ ഫീൽഡ്തല പരിശോധനയും FPO കൾക്കുള്ള സാധ്യതയും വിലയിരുത്തുന്നതിനുള്ള പഠനമാണ് ഇവർ നടത്തുന്നത്. FPO രൂപീകരണത്തിന് മുമ്പ് കൃത്യതയോടെ നടത്തേണ്ട ചുമതലയാണ് ഇത്. എങ്ങനെ നൂറു ദിനത്തിൽ തന്നെ എഴുനൂറോളം തൊഴിലവസരങ്ങളാണ് കേരളത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. രജിസ്റ്റർ ചെയ്തിട്ടുള്ള 13 FPO കളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

**VFPCK വഴി സഹായം നൽകുന്ന വിശദാംശം**

കേരളത്തിലെ പഴം, പച്ചക്കറി മേഖലയിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൌൺസിൽ കേരളം ( VFPCK) യുടെ അഭിമുഖ്യത്തിൽ പഴം - പച്ചക്കറി കർകരെ അംഗങ്ങളാക്കി സംസ്ഥാനമൊട്ടാകെ സർക്കാർ നിർദ്ദേശ പ്രകാരം ഫാർമർ പ്രൊഡ്യൂസർ കമ്പിനികൾ ആരംഭിക്കുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ 25 പ്രൊഡ്യൂസർ കമ്പനികളാണ് രൂപീകരിക്കുന്നത്. ഓരോ പ്രദേശത്തും ലഭ്യമായ കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവും വിപണനവും ലക്ഷ്യമാക്കി അവയുടെ ഉൽപ്പാദകരായ കർഷകരെ അംഗങ്ങളാക്കിയാണ് പ്രൊഡ്യൂസർ കമ്പിനികൾ രൂപീകരിക്കുന്നത്.

ആദ്യ ഘട്ടത്തിൽ 300 കുറയാത്ത കർഷകരെ അംഗങ്ങളായി ചേർത്താണ് കമ്പിനികളുടെ രൂപീകരണം നടന്നുവരുന്നത്. ഓരോ പ്രൊഡ്യൂസർ കമ്പിനികളിലും കർഷകരായ വനിതകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയിരിക്കുന്നു.

ഈ ഫാർമർ പ്രൊഡ്യൂസർ, കമ്പിനികൾ താഴെപ്പറയുന്ന മേഖലകളിലാണ് പ്രവർത്തനം കേന്ദ്രീകരിക്കുന്നത്.

1) ഗുണമേന്മ ഉറപ്പുവരുത്തിയ വിത്തുകളും, വളങ്ങളും മറ്റ് നടീൽ വസ്തുക്കളും ഇടനിലക്കാരുടെ ചൂഷണമില്ലാതെ കർഷകർക്ക് ലഭ്യമാക്കുക.

2) കാർഷിക മേഖലയിൽ ഉണ്ടാകുന്ന നൂതന ആശയങ്ങളും സാങ്കേതിക പരിജ്ഞാനവും കർഷകർക്ക് താമസം വിനാ ലഭ്യമാക്കുക.

3) കാർഷിക വിഭവങ്ങളുടെ കയറ്റുമതിക്കായി കർഷകരെ സജ്ജീകരിക്കുകയും കയറ്റുമതി കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യുക. ഇതിനാൽ സർക്കർ നോഡൽ ഏജൻസിയായ VFPCK യുടെ സേവനം പ്രൊഡ്യൂസർ കമ്പിനികൾക്ക് ലഭ്യമാകുന്നതാണ്.

4) കാർഷിക ഉത്പന്നങ്ങളുടെ സംഭരണവും വിതരണവും,

5) കർഷകർ ആവിഷ്കരിക്കുന്ന പദ്ധതികളും സംരംഭങ്ങളും പ്രൊഡ്യൂസർ കമ്പനികളിലൂടെ നടപ്പിൽ വരുത്തുകയും അവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യുക.

6) മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം നടത്തുക.

7) ഫാർമർ പ്രൊഡ്യൂസർ കമ്പിനികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പൊതുവിതരണ ശൃംഖലകൾ വഴിയും സർക്കാർ ഏജൻസികൾ വഴിയും വിപുലമായ വിപണന സൗകര്യം ഏർപ്പെടുത്തുക.

8) സംസ്ഥാന ഫലമായ ചക്കയുടെ വിപണനത്തിനും വർദ്ധനവിനും വേണ്ടി വിവിധ സംരംഭങ്ങൾ ഫാർമർ പ്രൊഡ്യൂസർ കമ്പിനികളുടെ നേതൃത്വത്തിൽ ആരംഭിക്കുന്നു.

9) കപ്പ ഉൾപ്പെടെയുള്ള വിവിധ കിഴങ്ങു വർഗ്ഗ വിളകളുടെ വിപണനത്തിനും അവയുടെ പുതിയ മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണി കണ്ടെത്തലും.

10) വാണിജ്യ പ്രാധാന്യമുള്ള നാടൻ – മറുനാടൻ പഴങ്ങളുടെ കൃഷി കേരളത്തിൽ വ്യാപകമായി വരുന്നു. ഇവയുടെ ഉൽപ്പാദന – വിപണന ശൃംഗല കൂടുതൽ കാര്യക്ഷമമാക്കുക. കൂടുതൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ  വിപണിയിലെത്തിക്കുക.

ഈ ഫാർമർ പ്രൊഡ്യൂസർ കമ്പിനികൾ ഇൻഡ്യൻ കമ്പിനീസ് ആക്ട് 1956 ന്റെ കീഴിൽ ആണ് രജിസ്റ്റർ ചെയ്യുന്നത്. കർഷകരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ചെയർമാനും ഡയറക്ടർ ബോർഡ് അംഗങ്ങളും കൂടാതെ മാനേജ്മെന്റ്  വിദഗ്ധനായ ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഓരോ പ്രൊഡ്യൂസർ കമ്പിനിയ്ക്കും ഉണ്ടായിരിക്കും. കേന്ദ്ര സർക്കാരിന്റെ 10000 ഫാർമർ പ്രൊഡ്യൂസർ കമ്പിനികളുടെ രൂപീകരണം എന്ന പദ്ധതി പ്രകാരം ഒരു കമ്പിനിക്ക് ലഭിക്കുന്ന  ആനുകൂല്യങ്ങൾ.

ഒരു ഫാർമർ പ്രൊഡ്യൂസർ കമ്പിനിയ്ക്ക് അത് രൂപീകരിച്ച് 3 വർഷത്തിനുള്ളിൽ പരമാവധി 18 ലക്ഷം രൂപ വരെ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ചിലവുകൾക്കായി പരമാവധി രൂപ. 40000/- രൂപ വരെ ഓരോ പ്രൊഡ്യൂസർ കമ്പിനികൾക്കും ലഭിക്കുന്നതാണ്.

കമ്പിനികളുടെ പ്രാരംഭഘട്ടത്തിലുള്ള രൂപീകരണ ചിലവുകൾ, ജീവനക്കാരുടെ ശമ്പളം, ഓഫീസ് വാടക, യൂട്ടിലിറ്റി ചിലവുകൾ, സ്റ്റേഷനറി ചിലവുകൾ തുടങ്ങിയവയ്ക്കാണ് ആദ്യ മൂന്നു വർഷത്തിനുള്ളിൽ പരമാവധി ധനസഹായമായ 18 ലക്ഷം രൂപ ലഭിക്കുന്നത്. പ്രൊഡ്യൂസർ കമ്പിനികളുടെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുന്നതിനും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പുതിയ സംരംഭങ്ങൾക്ക് വായ്പ ലഭിക്കുന്നതിനും കമ്പിനിയുടെ ഓഹരി മൂലധനത്തിന് അനുപാതികമായി "Matching Equity Grant" ആയി പരമാവധി 15 ലക്ഷം രൂപ വരെ ലഭിക്കുന്നു. പ്രൊഡ്യൂസർ കമ്പിനിയിലെ അംഗത്തിന്റെ ഓഹരി മൂല്യത്തിന് അനുസൃതമായി പരമാവധി ഒരു അംഗത്തിന് രൂപ 2000/- പ്രകാരമാണ് "Matching Equity Grant"ലഭ്യമാകുക.

വാണിജ്യ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ഉൽപപന്നങ്ങൾക്ക് മികച്ച വില പലപ്പോഴും ലഭ്യമാകാതെ വരുന്നതും കാർഷികോത്പന്നങ്ങൾക്കായി വിപണി സ്വയം കണ്ടെത്തേണ്ടിവരുന്നതും. ഈ പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരമെന്ന നിലയിലാണ് സർക്കാർ ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്നത്. കർഷകർ തന്നെ അംഗങ്ങളായി രൂപീകരിക്കുന്ന ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ കർഷകരുടെ വിളകൾക്ക് മൂല്യവർദ്ധനവിലൂടെ മികച്ച വിലയും വിപണിയും ഉറപ്പു വരുത്തുന്നു.